**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2949** **18-03-2022 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴ തീരങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2018ലെയും 2019ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരങ്ങൾ ഇടിഞ്ഞു ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായി നിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചാലിയാർ പുഴയുടെ തീരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിന്റെ ഭാഗമായി ഭരണാനുമതി നല്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | പ്രകൃതി ദുരന്തം 2018 – എഫ്.ഡി മലപ്പുറം ജില്ലയിൽ അരീക്കോട് പഞ്ചായത്തിലെ വാർഡ് നമ്പർ 8 - ൽ മൈത്രക്കടവ് പാലത്തിനു താഴെയായി ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 25 | പൂർത്തീകരിച്ചു |
| 2. | പ്രകൃതി ദുരന്തം ആഗസ്റ്റ് 2018 - മലപ്പുറം ജില്ലയിൽ എടവണ്ണ പഞ്ചായത്തിലെ കുണ്ടുതോട് വിഭാവനം ചെയ്തിട്ടുള്ള സീതി ഹാജി ഗവ.ഹയർ സെക്കൻററി സ്കൂളിന്റെ പിറക് വശത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 25 | പൂർത്തീകരിച്ചു |
| 3. | എസ്.ഡി.ആർ.എഫ് 2019 – മലപ്പുറം ജില്ലയിൽ എടവണ്ണ പഞ്ചായത്തിലെ കുണ്ടുതോടിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 32 | പൂർത്തീകരിച്ചു |
| 4. | പ്രകൃതി ദുരന്തം 2018 – എഫ്. ഡി മലപ്പുറം ജില്ലയിൽ അരീക്കോട് പഞ്ചായത്തിലെ സൗത്ത് പുത്തലത്തിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 25 | പൂർത്തീകരിച്ചു |
| 5. | എസ്.ഡി.ആർ.എഫ് 2019 – മലപ്പുറം ജില്ലയിൽ ചാലിയാർ പഞ്ചായത്തിലെ നമ്പൂരിപൊട്ടി പാലത്തിനു താഴ് ഭാഗത്ത് കാഞ്ഞിരപ്പുഴയുടെ (ചാലിയാർ പുഴയുടെ കൈവഴി) വലതുകര എത്രയും വേഗം നന്നാക്കലും പുനരുദ്ധാരണവും | 23.52 | പൂർത്തീകരിച്ചു |
| 6. | SDRF 2019– ഊർങ്ങാട്ടീരി ഗ്രാമപഞ്ചായത്തിലെ ചെറുപുഴക്ക് കുറുകെ കിണറടപ്പ് ഷൗക്കക്കടവ് ചെക്ക് ഡാമിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ | 6.8 | പൂർത്തീകരിച്ചു |
| 7 | SDRF 2019– ഊർങ്ങാട്ടീരി ഗ്രാമപഞ്ചായത്തിലെ ആനക്കയം ഓടക്കയം ഭാഗത്ത് വാർഡ് 2 ൽ ചെറുപുഴയുടെ ഇടതുകരയിൽ അടിയന്തിര അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും | 27 | പൂർത്തീകരിച്ചു |

**സെക്ഷൻ ഓഫീസർ**